(സി) ക്ലാസ് 1 നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് ബഹു: സുപ്രീംകോടതി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പ്രകാര മുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ചവർ സംസ്ക്കരണശാലകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നത്. ശാസ്ത്രീയമായ സംസ്ക്കരണ രീതി അവലംബിക്കുന്നതിനുള്ള സ്ഥലത്തിന്റെ ദൗർലഭ്യം സ്ഥലവാസികളുടെ പ്രതിഷേധം തുടങ്ങി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെതല്ലാത്ത കാരണങ്ങൾകൊണ്ട് ഉണ്ടാകുന്ന കാലതാമസം ഒഴികെ, മനഃപൂർവമായ ഉദാസീനത ഇക്കാര്യത്തിൽ ഉണ്ടാകുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടില്ല.

ഉൽപ്പാദന മേഖലയിൽ പ്രവാസി മലയാളികളുടെ നിക്ഷേപം

19 (*289)ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ സമ്പാദ്യം, സംസ്ഥാനത്ത് ഉൽപ്പാദന മേഖലകളിൽ നിക്ഷേപിക്കുന്നതിന് സഹായിക്കുന്ന എന്തെല്ലാം പദ്ധതികൾ സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് പറയുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക ഉൽപ്പാദനമേഖലയിൽ ഇപ്രകാരം നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാ ക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) വ്യവസായ നിക്ഷേപത്തിന് അനുയോജ്യമായ വ്യവസായ നയവും വിവര സാങ്കേതികനയവും പ്രഖ്യാപിച്ചു. എല്ലാ അടിസ്ഥാന സൗക ര്യങ്ങളുമൊരുക്കിയിട്ടുള്ള വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, പാർക്കുകൾ എന്നിവ സ്ഥാപിച്ചുവരുന്നു. ഐ.ടി, ബയോടെക്നോളജി തുടങ്ങിയ ഹൈടെക് വ്യവസായ സംരംഭകർക്കായി വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ട് രൂപീകരി ക്കുന്നു. വിവിധ അടിസ്ഥാന സൗകര്യപദ്ധതികൾക്ക് കളമൊരുക്കുന്നു. അതാ യത് വിമാനത്താവളം, പാലം, റോഡ്, വൈദ്യുതി, തുറമുഖം എന്നിവ. എല്ലാ വിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഒരു ടെക്നോപാർക്ക്, ഐ.ടി. കമ്പനികളെ സംസ്ഥാനത്തേയ്ക്കാകർഷിക്കുന്നതിനുവേണ്ടി തിരു വനന്തപുരത്തു സ്ഥാപിച്ചു. കൊച്ചിയിൽ ഹൈടെക് പാർക്ക് രൂപീകരിക്കുന്ന തിന് നടപടി ആരംഭിച്ചുകഴിഞ്ഞു.

(ബി) കെ.എസ്.ഐ.ഡി.സി.യുടെ സഹായസഹകരണത്തോടെ പ്രവാസികൾ ആരംഭിച്ചിട്ടുള്ള വ്യവസായങ്ങളിൽ ആകെ മുതൽമുടക്ക് 303 കോടി രൂപയാണ്. ടെക്നോപാർക്കിൽ 1635 ലക്ഷം രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly